

നാട്ടുവൈദ്യം

ഡോ. വിജയൻ

# കർണരോഗങ്ങൾ

ചെവി വേദനയ്ക്കുള്ള ചികിത്സയിൽ ഏറ്റവുമധികം ഉപയോഗം ചെയ്യുന്ന സസ്യം എരുക്കാണ്. തുളസി, അണ്ണാർക്കണ്ണൻ വാഴ, ഉള്ളി എന്നിവയും നാട്ടുവൈദ്യത്തിൽ ചെവികുത്തിന് മരുന്നായി ഉപയോഗിച്ചുവരുന്നു.

ചുവന്നുള്ളി നന്നായി അരച്ചെടുത്ത് എരിക്കിലയിൽ തേച്ചുപിടിപ്പിക്കുക. എന്നിട്ട് ആ ഇല ഒരു ഈർക്കിലിൽ കുത്തി കനലിനു മുകളിൽ പിടിച്ച് വാട്ടിയെടുത്ത് ചെറുചൂടോടെ പിഴിഞ്ഞ് നീരെടുക്കുക. ആ നീര് നാലഞ്ചുതുള്ളി ചെവിയിലൊഴിച്ച് നാലഞ്ചു മിനിറ്റ് ചെവിയിൽതന്നെ നിർത്തുക.

എരുക്കിന്റെ പഴുത്ത ഇലയിന്മേൽ നെയ്യുപുരട്ടി വാട്ടിപ്പിഴിഞ്ഞ് നീരെടുത്തശേഷം ചെവിയിൽ തുള്ളി വീഴ്ത്തുക. എരിക്കില എണ്ണപുരട്ടി വാട്ടിപ്പിഴിഞ്ഞ നീര് ചെവിയിലൊഴിച്ചാലും മതി.

ചുവന്നുള്ളി ചതച്ചു പിഴിഞ്ഞ നീര് ചെറിയ സ്പൂണിലെടുത്ത് ചൂടാക്കി ചെറുചൂടോടെ നാലഞ്ചുതുള്ളി ചെവിയിലൊഴിക്കുക. ചെറിയ ചെവിവേദനയ്ക്ക് ഇതുമാത്രം ചെയ്താൽ മതിയാകും.

പങ്ങലംപരണ്ടയുടെ തണ്ട് വാഴയിലയിൽ പൊതിഞ്ഞ് വാട്ടിയെടുത്ത് ചതച്ചു പിഴിഞ്ഞനീര് ചെറുചൂടോടെ ചെവിയിൽ നിർത്തുക.

തുളസിയില പിഴിഞ്ഞ ചാറ് ചെവിയിലിറ്റിക്കുന്നതും സാധാരണ ചെവിവേദനയ്ക്കും ചെവിപഴുപ്പിനും ആശ്വാസമാണ്.

ചെവിക്കുള്ളിൽ വേദനയുണ്ട്, പക്ഷേ, പഴുപ്പും നീരുമൊന്നുമില്ല എന്നുറപ്പാണെങ്കിൽ മുരിങ്ങയുടെ തൊലി ചതച്ചു പിഴിഞ്ഞ നീര് ചെവിയിലൊഴിക്കുന്നത് ഏറ്റവും ഗുണം ചെയ്യും.

പ്ലാവിന്മേൽ വളരുന്ന മരവാഴ, അണ്ണാർക്കണ്ണൻ വാഴ എന്നിവയിലേതെങ്കിലും ഒന്നിന്റെ ഇല കനലിൽ വാട്ടി പിഴിഞ്ഞ നീര് ചെറുചൂടോടെ ചെവിയിലൊഴിക്കുന്നതും ചെവിവേദന മാറ്റും.

ഇഞ്ചി ചതച്ചെടുത്ത് ഇന്തുപ്പിന്റെ പൊടി ചേർത്ത് ഞെരടി ഒരു തുണിയിൽ പൊതിഞ്ഞ് പിഴിഞ്ഞ് നീരെടുത്ത് അത് ചെവിയിലൊഴിക്കുക.

വേദനയും പഴുപ്പുമുണ്ടെങ്കിൽ കൃഷ്ണതുളസിയുടെ തളിരിലയും കതിരും കൂടി നുള്ളിയെടുത്ത് തീയിൽ വാട്ടിപിഴിഞ്ഞ് നീരെടുത്ത് രണ്ടുമൂന്നു തുള്ളി വീതം ദിവസവും ചെവിയിൽ ഇറ്റിക്കുക.

ആട്ടിൻ മൂത്രം ചൂടാക്കി ചെവിയിൽ ഒഴിക്കുന്നതും ചെവിവേദനയ്ക്ക് നല്ലതാണെന്നു പറഞ്ഞു കേട്ടിട്ടുണ്ട്.

വറ്റൽ മുളക് ചതച്ചിട്ട് എണ്ണ കാച്ചി ചെവിയിൽ ഒഴിക്കുന്നത് മറ്റൊരു മുത്തശ്ശി വൈദ്യമാണ്. മുയൽ ചെവിയൻ ചെടി വാട്ടിപ്പിഴിഞ്ഞ് നീരെടുത്ത് ചെവിയിലൊഴിക്കുന്നതും ചെവിവേദന മാറ്റും.

ചെറുനാരകത്തിന്റെ ഇല രണ്ടെണ്ണം ഒരുമിച്ച് വച്ച് കുമ്പിൾകുത്തി അതിൽ നല്ലെണ്ണയൊഴിച്ച് തീയ്ക്കുമേൽ കാണിച്ച് കഴിയാവുന്നത്ര ചൂടാക്കുക. ചൂടാറുമ്പോൾ ചെറുചൂടോടെ ചെവിയിൽ ആ എണ്ണ ഇറ്റിക്കുക.

**ചെവിയിൽ പഴുപ്പുണ്ടെങ്കിൽ:** നീളത്തിലുള്ള ഒരു കഷണം ഉണക്കമഞ്ഞൾ നല്ലെണ്ണയിൽ മുക്കിയെടുത്ത് കത്തിക്കുക (എണ്ണയിൽ മുക്കിയ തിരി കത്തിച്ച് അതുപയോഗിച്ച് മഞ്ഞൾ കത്തിക്കണം) മഞ്ഞൾ കത്തുമ്പോൾ മഞ്ഞളിന്മേൽ വീണ്ടും ഏതാനും തുള്ളി എണ്ണകൂടി സാവധാനം ഒഴിക്കുക. അങ്ങനെ ഒഴിക്കുന്ന എണ്ണ മഞ്ഞളിൽനിന്നും താഴേയ്ക്ക് ഇറ്റു വീഴും. അത് ശേഖരിച്ച് നേരിയ ചൂടോടെ ചെവിയിലൊഴിക്കുക.

**ചെവിയിൽ പ്രാണി പോയാൽ:** ശുദ്ധ ജലത്തിൽ നന്നായി ഉപ്പുകലക്കി അരിച്ചെടുത്ത് ചൂടാക്കി ചെറുചൂടോടെ പ്രാണിപോയ ചെവിയിൽ നിറയെ ഒഴിച്ച് കുറച്ചുനേരം ചെവി പൊത്തിപ്പിടിക്കുക. അതിനുശേഷം ആ വെള്ളം മുഴുവൻ പുറത്തേക്കൊഴുകി പോകാൻ പാകത്തിന് ആ ചെവി നിലത്തോടു ചേർന്നു വരത്തക്കവിധം ചെരിഞ്ഞു നിലത്ത് കിടക്കുക. ചെവിയിൽനിന്നും ഒഴുകിയ വെള്ളത്തിൽ ചത്തപ്രാണിയുടെ ശരീരം കാണുംവരെ ഈ പ്രയോഗം ആവർത്തിക്കണം.